# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
| --- | --- | --- | --- |
| K. MURALEEDHARAN M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | V.SUDHEER KUMAR |
| | 9447083300 | 9447303578 | 7012655030 |


No. KEEC/GL/2022/75

തിരുവനന്തപുരം
19.10.2022

സ്വീകർത്താവ്

ബഹു. ചീഫ് പേഴ്സണൽ ഓഫീസർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം :** **മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി അഭിപ്രായം – നിർദ്ദേശം സംബന്ധിച്ച്.**

**സൂചന :** **PS1(B)/Medical Insurance Scheme for KSEBL Employees/2022, dtd 26/09/2022**

സൂചന കത്തിൽ ആവശ്യപ്പെടുന്നത് സർക്കാരിന്റെ മാതൃകയിൽ KSEBL ജീവക്കാർക്ക് അനുയോജ്യമായ രീതിയിൽ സമഗ്ര മെഡിക്കൽ ഇൻഷ്വറൻസ് നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളാണ്. സർക്കാരിന്റെ അതേ മാതൃക സ്വീകരിച്ച് കൂടുതൽ പ്രശ്നങ്ങളിലേയ്ക്ക് എത്തുന്ന സാഹചര്യം ഉണ്ടാകരുത്. ഇത് സംബന്ധിച്ച ആദ്യഘട്ട നിർദ്ദേശങ്ങൾ താഴെ ചേർത്തിരിക്കുന്നു.

1. മറ്റ് ഇൻഷുറൻസ് കമ്പനികൾ നൽകുന്നതുപോലെ (ഉദാഹരണം സ്റ്റാർ ഹെൽത്ത്) എല്ലാ പ്രധാന ആശുപത്രികളും ഉൾപ്പെടുത്തണം. രോഗിയായി ആശുപത്രിയിൽ അഡ്മിറ്റ് ആകുന്ന ജീവനക്കാരൻ ആശുപത്രിയുടെ പേരിൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന സാഹചര്യം ഉണ്ടാകരുത്.

2. സർക്കാരിൽ 3 ലക്ഷം വരെയുള്ള ക്ലെയിമുകൾക്ക് Medical Re-imbursement ന് പകരം ഇൻഷ്വറൻസ് സ്കീം ഉൾപ്പെടുത്തിയിരിക്കുകയാണ്. സർക്കാരിൽ ജീവനക്കാർ വ്യത്യസ്ഥമായ ജോലികളാണ് നിർവഹിക്കുന്നത്. KSEB ജീവനക്കാർ നിർവഹിക്കുന്ന ജോലികൾ അതിൽനിന്നും വ്യത്യസ്തമാണ്. ആയതിനാൽ

(a) ഡ്യൂട്ടി ആക്സിഡന്റുകൾക്ക് നിലവിലുള്ള പ്രകാരം ഏത് ആശുപത്രിയിൽ പോയാലും മുഴുവൻ തുകയും Re-imbursement കിട്ടുന്ന സംവിധാനം നിലനിർത്തി ഇൻഷ്വറൻസ് സ്കീമിലേക്ക് പോകാവുന്നതാണ്. ഡ്യൂട്ടി ആക്സിഡന്റ് സർക്കാരിൽ ഉള്ള ഒരു പ്രധാന കാര്യമല്ല. എന്നാൽ അതിന് KSEB ൽ കൂടുതൽ പ്രസക്തിയുണ്ട്. ഡ്യൂട്ടി ആക്സിഡന്റിന് പരിധിയില്ലാതെ തുക അനുവദിക്കാൻ കമ്പനികളോട് Agreement വേളയിൽ ആവശ്യപ്പെടണം. ബാലൻസ് വേണ്ടി വരുന്ന തുക കമ്പനി പിന്നീട് KSEB ൽ നിന്നും re-imbursement ചെയ്യുന്ന രീതിയിൽ വേണം കരാറിൽ ഏർപ്പെടുവാൻ. ജീവനക്കാരന് ബുദ്ധിമുട്ട് ഉണ്ടാകുന്ന യാതൊരു വ്യവസ്ഥകളും ഉണ്ടാകരുത്.

(b) സർക്കാരിൽ monthly 500 രൂപ വച്ച് ഇൻഷ്വറൻസിനുവേണ്ടി കട്ട് ചെയ്യുന്നു എന്ന് മനസ്സിലാക്കുന്നു. നിലവിലുള്ള re-imbursement സ്കീം ഇല്ലാതാക്കി പുതിയത് തുടങ്ങുമ്പോൾ ജീവനക്കാരിൽ നിന്നും എന്തിന് തുക ഈടാക്കുന്നു എന്നുള്ളത് പ്രസക്തമായ ചോദ്യമാണ്. പെൻഷനായവരിൽ നിന്നും തുക ഈടാക്കുന്നത് മനസ്സിലാക്കാൻ സാധിക്കും. കാരണം നിലവിൽ പെൻഷനേഴ്സ് Re-imbursement പരിധിയിൽ വരില്ല. ജീവനക്കാരുടെ welfare measures ന്റെ ഭാഗമായിട്ടാണല്ലോ Re-imbursement scheme ഏർപ്പെടുത്തിയിരിക്കുന്നത്. അത് statutory ആണല്ലോ. അതിന് വേണ്ടി വർഷാ വർഷം KSEBL ന്റെ ബഡ്ജറ്റിൽ ഒരു തുക നീക്കിയും വയ്ക്കുന്നു. അപ്പോൾ തുക ജീവനക്കാരിൽ നിന്നും പിടിച്ചുള്ള സംവിധാനത്തെ അംഗീകരിക്കാനാവില്ല.

(c) SBI അവരുടെ Account Holder ന് 10330 രൂപക്ക് 3 ലക്ഷം രൂപയുടെ സൗജന്യ ഹെൽത്ത് ഇൻഷ്വറൻസ് നൽകി വരുന്നു. ഇവിടെ 500 രൂപ വച്ച് പിടിച്ചാൽ അവരുടെ statutory അവകാശം കളയുന്നതിനൊപ്പം 6000 രൂപ പ്രതിവർഷം നൽകേണ്ടതായും വരുന്നു. ആയതിനാൽ KSEBL ഏർപ്പെടുത്തുന്ന ഇൻഷുറൻസിന് വേണ്ടുന്ന തുക KSEBL തന്നെ വഹിക്കണം.

(d) 3 ലക്ഷത്തിൽ കൂടിയ ക്ലെയിമുകൾക്ക് മാരക രോഗങ്ങൾക്ക് നിലവിലുള്ള Re-imbursement സംവിധാനം തുടരണം.

(e) മറ്റ് ഇൻഷ്വറൻസ് സ്കീമുകളിൾ ഉള്ളതുപോലെ അഡ്മിഷന് മുമ്പും ഡിസ്ചാർജിന് ശേഷവും ഉള്ള ക്ലെയിമുകളും, OP ക്ലെയിമുകളും ഉൾപ്പെടുത്തുവാനുള്ള വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തണം. ഇത് സംബന്ധിച്ച് ഭാവിയിൽ KSEBL നടത്തുന്ന തുടർ ചർച്ചയിൽ ബാക്കി വിശദാംശങ്ങൾ നൽകുന്നതാണ്.

വിശ്വസ്തതയോടെ,

വി.സുധീർ കുമാർ
ജനറൽ സെക്രട്ടറി